Newspaper : Mathrubhumi

Date : 29.08.2026



സെയ്ഷെൽസിൽ നിന്നുള്ള പ്രതിനിധിസംഘം മന്ത്രി വാലസ് കോസ്ഗ്രേയുടെ നേതൃത്വത്തിൽ കൊച്ചിയിലെ സിഫ്റ്റ് ഗവേഷണകേന്ദ്രം സന്ദർശിച്ചപ്പോൾ

# സെയ്ഷെൽസ് പ്രതിനിധിസംഘം സിഫ്റ്റ് സന്ദർശിച്ചു

**തോപ്പുംപടി** ▸ സെയ്ഷെൽസിൽ നിന്നുള്ള പ്രതിനിധിസംഘം കൊച്ചിയിലെ കേന്ദ്ര മത്സ്യഗവേഷണകേന്ദ്രമായ സിഫ്റ്റ് സന്ദർശിച്ചു. മത്സ്യബന്ധനം, കൃഷിമന്ത്രി വാലസ് കോസ്ഗ്രേയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘമാണ് കൊച്ചിയിലെ സിഫ്റ്റ് സന്ദർശിച്ചത്.

സിഫ്റ്റിലെ ഡയറക്ടറുമായും മുതിർന്ന ശാസ്ത്രജ്ഞരുമായും പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാരം ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചനടത്തി. വിവിധ തലങ്ങളിലുള്ള വികസനത്തിന്, ഇരുരാജ്യങ്ങൾക്കും ഗുണകരമായ സഹകരണത്തിന് വലിയ സാധ്യതകളുണ്ടെന്ന് വാലസ് കോസ്ഗ്രേ പറഞ്ഞു.